LIBRARY ARCHIVES Kerala Legislative Assembly

തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നടപടി

7 (7843) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ കത്തിക്കുന്നതിൽ വൈദ്യുതി ബോർഡിന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതിബോർഡും തമ്മിലുള്ള തർക്കത്തിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്ത നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ ഉത്തിരവാദിത്തം ആർക്കാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള സ്പെയർ പാർട്ടുകൾ വാങ്ങുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ആണ്. തെരുവുവിളക്കുകൾക്ക് മീറ്റർ വഴി സപ്ലൈ കൊടുത്തിട്ടുള്ളതാണെങ്കിൽ തെരുവുവിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അല്ലാത്തപക്ഷം വൈദ്യുതി ബോർഡ് ജീവനക്കാരാണ് തെരുവുവിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നത്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-9-2011-ലെ പരിപത്ര പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കിടയിൽ തൊഴിലാളിക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ ഉണ്ടായാൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം തൊഴിലാളിക്ക് നഷ്ടപരിഹാരം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പോ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡോ ബാധ്യസ്ഥരല്ല

കൂടാതെ, കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും സൂചിപ്പിച്ചിരിക്കുന്ന ഖണ്ഡികകളിലെ കറിപ്പ് (ജെ) പ്രകാരം കരാർ പണികളുടെ പ്രവർത്തനരാഹിത്യംമൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം/മുറിവുകൾ/ വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നത് സംബന്ധിച്ച് പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. തന്റെ ജോലിക്കാർക്ക് എല്ലാ അപകടങ്ങളിൽനിന്നുമുള്ള സുരക്ഷ ഉറപ്പാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ

8 (7844) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ലഭിക്കാത്തതുമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ പ്രതിദിന ഉപഭോഗ കണക്കനുസരിച്ച് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിലുള്ളത് എന്നറിയിക്കുമോ ;

(സി) മറ്റുമാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതികൂടി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് നേരത്തേ ലഭിച്ചുകൊണ്ടിരുന്നത് ; ഇപ്പോൾ എത്രയാണ് ലഭിക്കുന്നത് ; 2014 ജനുവരി മുതൽ ഓരോ മാസത്തിലും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചത് ;

(ഇ) കേന്ദ്ര സഹായമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ കൊണ്ടുവരാൻ കഴിയാത്ത സാഹചര്യമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പുറമേ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനാണ് നിലവിലുള്ളത് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly